(ബി) അതിൽ 298 സംഘങ്ങളും രജിസ്റ്റർ ചെയ്തിട്ടുണ്ട്. ഇവ താഴെ പറയുംപ്രകാരമാണ്.

ഉല്പാദകവിക്രയസംഘങ്ങൾ	57
വ്യവസായസംഘങ്ങൾ	9
വിവിധോദ്ദേശസംഘങ്ങൾ	13
കൂട്ടുകൃഷി സംഘങ്ങൾ	7
ക്രെഡിറ്റ് സംഘങ്ങൾ	7
ക്രയവിക്രയസംഘങ്ങൾ	197
മാർക്കറ്റിംഗ് സംഘം	1
ഡിസ്ട്രിബ്യൂട്ടിവ് സംഘം	1
തൊണ്ടുസംഘം	1
ഹൗസിംഗ് സംഘങ്ങൾ	2
മറ്റുതരം	3

(സി) ബാക്കിയുള്ളവ രജിസ്ട്രേഷൻ നടപടികളിലെ വിവിധ ഘട്ടങ്ങളിൽ ഇരിക്കുകയാണ്.

ശ്രീ. ടി. കെ. ദിവാകരൻ : നിലവിലുള്ള സഹകരണസംഘങ്ങളുടെ പ്രവർത്തനങ്ങൾ പരിശോധിച്ചു റിപ്പോർട്ട് സമർപ്പിക്കുന്നതിനു് ഒരു കമ്മീഷനെ നിയമിക്കുന്ന കാര്യം ഗവണ്മെൻറ് ആലോചിക്കുമോ?

ശ്രീ. കെ. കൊച്ചുകുട്ടൻ : ആലോചിക്കാം.

ശ്രീ. സി. സി. അയ്യപ്പൻ : ബാക്കി സംഘങ്ങൾ രജിസ്റ്റർ ചെയ്യാതിരിക്കാൻ കാരണമെന്ത്?

ശ്രീ. കെ. കൊച്ചുകുട്ടൻ : രജിസ്ട്രേഷനെപ്പറ്റിയുള്ള പൂർണ്ണവിവരങ്ങൾ കിട്ടിയിട്ടില്ല. അതു സംബന്ധിച്ചുള്ള നടപടികൾ നടന്നുകൊണ്ടിരിക്കുകയാണ്.

ശ്രീ. സി. സി. അയ്യപ്പൻ : ഒരു സംഘം രജിസ്റ്റർ ചെയ്യണമെങ്കിൽ ആയിരം രൂപ ഡിപ്പോസിറ്റ് ചെയ്യണമെന്നുള്ളതുകൊണ്ടാണ് രജിസ്ട്രേഷനു താമസം ഉണ്ടാകുന്നതെന്നറിയാമോ?

ശ്രീ. കെ. കൊച്ചുകുട്ടൻ : അതും ഒരു കാരണമായിരിക്കാം.

റൈസ് മില്ലുകൾ.

* 540. [41] ശ്രീ. സി. കൊച്ചുകുഞ്ഞു് : താഴെ കാണുന്ന ചോദ്യങ്ങൾക്കു് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഇപ്പോൾ തിരുവിതാംകൂർ–കൊച്ചിയിൽ എത്ര റൈസ് മില്ലുകൾ പ്രവർത്തനം നടത്തുന്നുണ്ടു്;

(ബി) ഇപ്പോൾ കോൺഗ്രസ്സു് മന്ത്രിസഭ വന്നതിനുശേഷം പുതുതായി എവിടെയെങ്കിലും റൈസ്മില്ലുകൾ അനുവദിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ എവിടെയെല്ലാം?

LIBRARY ARCHIVES Kerala Legislative Assembly

ആഭ്യന്തരകാര്യമന്ത്രി (ശ്രീ. എ. ജെ. ജാൺ) :

(എ) 434.

(ബി) ഇപ്പോൾ റൈസ്മില്ലുകൾ ആരംഭിക്കുന്നതിന് ലൈസൻസ് ഇല്ലാതെ നടത്താം. തന്മൂലം ഗവണ്മെൻറിന് റൈസ്മില്ലുകളുടെമേൽ യാതൊരു നിയന്ത്രണവും ഇല്ല. ഈ കാരണത്താൽ ചോദ്യം ഉദിക്കുന്നില്ല.

ഫാമസ്റ്റ് കാർഡുകളുടെ ശമ്പളം.

* 541. [42] ശ്രീ. സി. കൊച്ചുകുഞ്ഞു് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) തിരുവിതാംകൂറിലും കൊച്ചിയിലുമുള്ള ഫാമസ്റ്റുകാർഡുകളുടെ ശമ്പളനിരക്ക് ഒരുപോലെയാണോ ;

(ബി) സംയോജനത്തിനുശേഷം തിരുവിതാംകൂർ–കൊച്ചിയിലെ അവരുടെ ശമ്പളത്തിനു വല്ല വ്യത്യാസവും വരുത്തിയിട്ടുണ്ടോ ;

(സി) ആണ്ടിൽ എത്രപ്രാവശ്യം ഇവർക്ക് യൂണിഫാറം കൊടുക്കുന്നുണ്ട് ;

(ഡി) വനത്തിൽ സഞ്ചരിക്കുന്ന ഇക്കൂട്ടർക്ക് പാദരക്ഷയും ആയുധവും മഴക്കാലത്തു് മഴക്കോട്ടും ഗവണ്മെൻറിൽനിന്നും നൽകിവരുന്നുണ്ടോ;

(ഇ) ഇല്ലെങ്കിൽ അതിനുള്ള കാരണമെന്തു് ;

(എഫ്) മുൻകാലങ്ങളിൽ മേൽവിവരിച്ച എല്ലാ സഹായങ്ങളും കാർഡുകൾക്കു നൽകുന്ന പതിവു് ഉണ്ടായിരുന്നില്ലേ ?

ആഭ്യന്തരകാര്യമന്ത്രി (ശ്രീ. എ. ജെ. ജാൺ) :

(എ) അല്ല. തിരുവിതാംകൂറിൽ കാർഡുകൾക്കു് 20 രൂപയും, കൊച്ചിയിൽ 30-ം, 35-ം രൂപയും കാർഡുകൾക്കു് ശമ്പളമുണ്ടായിരുന്നു;

(ബി) സംയോജനത്തിനു ശേഷം തിരുവിതാംകൂറിലെയും കൊച്ചിയിലെയും കാർഡുകളെ മൂന്നു ഗ്രേഡാക്കി, 22 രൂ. 25 രൂ. 28 രൂ. എന്ന ശമ്പളത്തിൽ 1–4–54 മുതൽ പരിഷ്കരിച്ചു. 30–ം, 35–ം രൂപ വാങ്ങിക്കൊണ്ടിരുന്ന കൊച്ചിയിലെ കാർഡുകൾക്കു് അവർ വാങ്ങിക്കൊണ്ടിരുന്ന ശമ്പളത്തിൽ ക്ലിപ്തപ്പെടുത്തി. 1–4–55 മുതലുള്ള ടൈംസ്കെയിലിൽ, മറ്റു ഗ്രേഡാക്കി $25—\frac{1}{2}—35$ രൂ. എന്ന ശമ്പളക്രമം കാർഡുകൾക്കു് അനുവദിച്ചിട്ടുണ്ടു് ;

(സി) ഒരു പ്രാവശ്യം ;

(ഡി) ഇല്ല ;

(ഇ) പതിവില്ലാത്തതുകൊണ്ടു് ;

(എഫ്) ഇല്ല.

ശ്രീ. പ്രാക്കുളം ഭാസി : കൊച്ചിയിൽ ഫാമസ്റ്റുവാച്ചറന്മാരായിരുന്ന ആളുകളെ എല്ലാം കാർഡുകളായി നിയമിച്ചിട്ടുണ്ടോ ?

ശ്രീ. എ. ജെ. ജാൺ : അതു നിശ്ചയമില്ല.

ശ്രീ. പി. കെ. കുഞ്ഞച്ചൻ : വനത്തിൽ സഞ്ചരിക്കുന്നവരായതുകൊണ്ടു്, പാദരക്ഷയും മഴക്കോട്ടും മറ്റും ഇവർക്കു കൊടുക്കുന്ന കാര്യത്തിൽ ഗവണ്മെൻറ് അനുഭാവപൂർവ്വം നടപടി നടത്തുമോ ?

LIBRARY ARCHIVES Kerala Legislative Assembly